കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജനന മരണ വിവാഹ രജിസ്ട്രേഷൻ - ഫയൽ അദാലത്ത് – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 1620/2017/തസ്വഭവ　　　　തിരുവനന്തപുരം, തീയതി, 18/05/2017

പരാമർശം:- ചീഫ് രജിസ്ട്രാർ (ജനന-മരണം) ടെ 27.04.2017 ലെ ബി1-12194/17 നമ്പർ കത്ത്

### ഉത്തരവ്

സംസ്ഥാനത്തെ വിവിധ തദ്ദേശ രജിസ്ട്രേഷൻ യൂണിറ്റുകളിൽ തീർപ്പാക്കാതെ അവശേഷിക്കുന്ന ജനന മരണ വിവാഹ രജിസ്ട്രേഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലേയ്ക്കായി ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ രജിസ്ട്രേഷൻ യൂണിറ്റുകളിൽ 2017 മെയ് മാസം 18, 19 തീയതികളിൽ അദാലത്ത് സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ആയതിലേയ്ക്കായി തദ്ദേശ സ്ഥാപനങ്ങളിലെ തനത് ഫണ്ടിൽ നിന്നും ആവശ്യമായ തുക ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ വിവിധ തദ്ദേശ രജിസ്ട്രേഷൻ യൂണിറ്റുകളിൽ തീർപ്പാക്കാതെ അവശേഷിക്കുന്ന ജനന മരണ വിവാഹ രജിസ്ട്രേഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലേയ്ക്കായി ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ രജിസ്ട്രേഷൻ യൂണിറ്റുകളിൽ 2017 മെയ് മാസം 18, 19 തീയതികളിൽ അദാലത്ത് സംഘടിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ 7500 രൂപയിലും (ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) വീതവും മുനിസിപ്പാലിറ്റികൾ 15000 രൂപയിലും (പതിനയ്യായിരം രൂപ മാത്രം) വീതവും കോർപ്പറേഷനുകൾ 25000 രൂപയിലും (ഇരുപത്തിയയ്യായിരം രൂപ മാത്രം) കവിയാത്ത തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സിനി.ജെ.ഷുക്കൂർ**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് രജിസ്ട്രാർ, ചീഫ് രജിസ്ട്രാറുടെ കാര്യാലയം (ജനന-മരണം) കേരളം, പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖാന്തരം)
ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾ (നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖാന്തരം)
ബന്ധപ്പെട്ട കോർപ്പറേഷനുകൾ (നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖാന്തരം)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ